സജീവ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു. ശ്രീവല്ലഭമേനോന്റെ നിര്യാണത്തോടെ സ്വാതന്ത്ര്യ സമര സേനാനികളുടെ തലമുറയിലെ അവസാനത്തെ കണ്ണികളിൽ ഒന്നാണ് അറ്റുപോയിരിക്കുന്നത്.

കെ. കെ. രാമകൃഷ്ണൻ:

ഉദ്യോഗം രാജിവച്ച് പൊതുജീവിതത്തിലേയ്ക്ക് കടന്നുവന്ന കെ. കെ. രാമകൃഷ്ണൻ 1952-ൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്ന് തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പള്ളിപ്പുറം പഞ്ചായത്ത് ഭരണസമിതി അംഗം, ചെറായി വിജ്ഞാനവർദ്ധിനി സഭയുടെ പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ഒരഭിഭാഷകൻ കൂടിയായിരുന്നു കെ. കെ. രാമകൃഷ്ണൻ.

അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റു നിൽക്കാം.

(അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

V ശ്രദ്ധക്ഷണിക്കൽ

(1) ബി. എഡ്. കേന്ദ്രങ്ങൾ അടച്ചു പൂട്ടിയതിനെത്തുടർന്ന് വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ചുക്കാൻ പിടിക്കുന്ന നമ്മുടെ യൂണിവേഴ്സിറ്റികൾ കാണിക്കുന്ന ചില ക്രമക്കേടുകളിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ 12 10.00 A. M.] ബി.എഡ്. സെന്ററുകളാണുള്ളത്. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ 11-ഉം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ 10-ഉം ബി.എഡ്. സെന്ററുകൾ ഉണ്ട്. ഫലത്തിൽ ഈ 33 ബി.എഡ്. സെന്ററുകളും പൂട്ടപ്പെട്ട നിലയിലാണ്. ഈ വർഷം എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 12 സെന്ററുകളിലും വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും 2100 വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ചേർക്കുകയും പഠനം ആരംഭിക്കുകയും ചെയ്തു. ഒരു മാസം കഴിഞ്ഞപ്പോൾ യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകൾ പൂട്ടി. കേരളാ-കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ അപേക്ഷ വാങ്ങിച്ചു വച്ചിരിക്കുന്നു. വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടില്ല. എൻ.സി.റ്റി.ഇ.-യുടെ നിബന്ധന പാലിക്കാതെ യൂണിവേഴ്സിറ്റി പോകുന്നതുകൊണ്ടാണ് ബി.എഡ്. സെന്ററുകളിൽ സൗകര്യം വർദ്ധിപ്പിച്ച് എൻ.സി.റ്റി.ഇ. പറഞ്ഞതനുസരിച്ചുള്ള മാനദണ്ഡം സ്വീകരിച്ചു പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാത്തതെന്ന് മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയാണ് ഈ ബി.എഡ്. സെന്ററുകളുടെ മുകളിൽ വീണിരിക്കുന്ന ഇടിത്തീ. ഏറ്റവും പ്രധാനപ്പെട്ട കാര്യം, നമ്മുടെ യൂണിവേഴ്സിറ്റി നടത്തുന്ന ബി.എഡ്. സെന്ററുകളിൽ ഒരു വിദ്യാർത്ഥിയിൽനിന്ന് 20,000 രൂപയാണ് ഫീസ് വാങ്ങുന്നത്. സ്പോൺസറിംഗ് കമ്മിറ്റിക്ക് 5,000 രൂപ വച്ച് വാങ്ങുന്നുണ്ട്. എം.ജി. യൂണിവേഴ്സിറ്റിയുടെ മാത്രം കണക്ക് പരിശോധിച്ചു നോക്കിയപ്പോൾ 4 കോടി രൂപയാണ് ഒരു വർഷം യൂണിവേഴ്സിറ്റി വാങ്ങിച്ചുവയ്ക്കുന്നത്. എയ്ഡഡ് ബി.എഡ്. കോളേജുകളിൽ ഒരു വർഷം ആയിരം രൂപ ഉള്ളിടത്താണ് 20,000 രൂപ ഈ കുട്ടികൾ കൊടുക്കേണ്ടത് എന്ന് നമുക്കറിയാം. ഇങ്ങനെ ഫീസ് കൊടുത്തു പഠിക്കുന്ന ബി.എഡ്. സെന്റർ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ശരിയായ രീതിയിൽ നടത്താൻ യൂണിവേഴ്സിറ്റി തയ്യാറാകുന്നില്ല. വേലി തന്നെയാണ് വിളവ് തിന്നുന്നത്. 1992-ൽ ആരംഭിച്ചതാണ് എം.ജി. യൂണിവേഴ്സിറ്റിയുടെ ബി.എഡ്. സെന്ററുകൾ. അതിൽ വൈക്കം, പത്തനംതിട്ട, നെടുങ്കണ്ടം എന്നീ മൂന്ന് ബി.എഡ്. സെന്ററുകൾ ഒഴിച്ച് ബാക്കി 9 ബി.എഡ്. സെന്ററുകളിലും യാതൊരുവിധ സൗകര്യവുമില്ല. പ്രിൻസിപ്പൽമാർക്ക് 12,000 രൂപയും ലക്ചറർമാർക്ക് 8,000 രൂപയും ശമ്പളം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ട്. കൊടുക്കുന്ന ശമ്പളം പ്രിൻസിപ്പൽമാർക്ക് 7,000 രൂപയും ലക്ചറർമാർക്ക് 6,500 രൂപയുമാണ്. അദ്ധ്യാപകരെ നിയമിച്ചിരിക്കുന്നത് 5 തരത്തിലാണ്. മൂന്ന് വർഷത്തേക്കുള്ള നിയമനം, ഒരു വർഷ നിയമനം, ഒരു വർഷ കോൺട്രാക്ടർമാർ, ഗസ്റ്റ് ലക്ചറർമാർ, മണിക്കൂർ അടിസ്ഥാനത്തിൽ പഠിപ്പിക്കുന്നവർ അങ്ങനെ 5 തരത്തിലുള്ള അദ്ധ്യാപകരെയാണ് എം.ജി. യൂണിവേഴ്സിറ്റി നിയമിച്ചിരിക്കുന്നത്. അവർക്ക് സെക്കന്റ് ക്ലാസ് എം.എ. വേണം, എം.എഡ്. വേണം, യു.ജി.സി. പാസ്സാകണം, പ്രിൻസിപ്പൽമാർക്ക് പി.എച്ച്.ഡി.-യും പാസാകണം. ഇത്രയും ക്വാളിഫൈഡ് ആയിട്ടുള്ള ആളുകൾക്ക് ഗവൺമെന്റ് നിശ്ചയിച്ച ശമ്പളം പോലും കൊടുക്കാതെ യൂണിവേഴ്സിറ്റി ഈ പണം പിടിച്ചുപറിച്ച് ധൂർത്തടിക്കുന്നു എന്നത് അതീവ ഗുരുതരമായി കാണേണ്ട കാര്യമാണ്. മിനിഞ്ഞാന്നാണ് എം.ജി. യൂണിവേഴ്സിറ്റിയുടെ 12 ബി.എഡ്. സെന്ററുകൾ തുറന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റി തുറന്നിട്ടേയില്ല. കോടതി പറഞ്ഞിരിക്കുന്നതനുസരിച്ചാണെങ്കിൽ എൻ.സി.ടി.ഇ. താല്ക്കാലികമായി ഇപ്പോൾ തുറക്കാൻ പറഞ്ഞിരിക്കുകയാണ്. ഈ മാർച്ച്, ഏപ്രിൽ മാസത്തിൽ ഇൻസ്പെക്ഷൻ വരാൻ പോവുകയാണ്. ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽ 1998 മുതൽ പഠിച്ച് ഇന്നുവരെ പാസായ വിദ്യാർത്ഥികളുടെ ഡിഗ്രി ഏറ്റവും ഗുരുതരമായ പ്രശ്നമായിരിക്കുകയാണ്. എൻ.സി.ടി.ഇ.-യുടെ ഒരു കോളേജിന് 40,000 രൂപ ഇൻസ്പെക്ഷൻ ഫീസ് അടയ്ക്കണം. 1998 മുതൽ ഇന്നുവരെ ഒരു നയാപൈസ പോലും യൂണിവേഴ്സിറ്റി ഫീസ് അടച്ചിട്ടില്ല. നാല് കോടി രൂപ വാങ്ങിച്ചുവച്ചിരിക്കുന്ന യൂണിവേഴ്സിറ്റിയാണ് ഈ വിദ്യാർത്ഥികളോട് ഇത്ര ക്രൂരമായി പെരുമാറുന്നത്. 1998 മുതൽ പാസായ വിദ്യാർത്ഥികളുടെ ഡിഗ്രിക്ക് വിലയില്ല. ആ ഡിഗ്രിയുമായി എവിടെയെങ്കിലും ചെന്നാൽ എൻ.സി.ടി.ഇ.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരമില്ല. ആ വിദ്യാർത്ഥികളുടെ പ്രശ്നത്തിൽ എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയും? അതുപോലെ തന്നെ ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയുടെ 12 സെന്ററുകളിലായി പഠിച്ചുകൊണ്ടിരിക്കുന്ന 2100 വിദ്യാർത്ഥി- വിദ്യാർത്ഥിനികളുടെ ജീവിതം എന്താകും? അവർ 20,000 രൂപ വച്ച് കൊടുത്തു കഴിഞ്ഞു. കോടതിയിൽ ഈ ബി.എഡ്. സെന്ററുകൾക്കെതിരെ കേസ് കൊടുത്തത് സ്വാശ്രയമാനേജുമെന്റാണ്. ആ കേസ്സിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിക്കുവേണ്ടി ഹാജരായ വക്കീൽ ഒരൊറ്റയക്ഷരം മിണ്ടിയിട്ടില്ല. കോടതി വാദിക്ക് അനുകൂലമായി വിധിക്കുന്നു. വാദിക്കും പ്രതിക്കും വേണ്ടി ഒരു വക്കീൽ എന്നുള്ള നിലയിലേക്ക് അധഃപതിച്ചിരിക്കുന്നു. ഇവിടെ ആരംഭിക്കാൻ പോകുന്ന എഴുപത്തഞ്ചോളം സ്വാശ്രയ കോളേജുകളിലും വരാൻ പോകുന്ന ഫീസ് ഒരു വിദ്യാർത്ഥിക്ക് 50,000 രൂപയാണ്. ഇപ്പോൾ 20,000 രൂപയ്ക്ക് യൂണിവേഴ്സിറ്റി സെന്ററിൽ പഠിക്കാനുള്ള അവസരം ഉണ്ട്. ആറായിരത്തോളം വിദ്യാർത്ഥികളെ വെറുതെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് തീറ് കൊടുക്കുന്നതിന് തുല്യമാണ് ഈ യൂണിവേഴ്സിറ്റി കാണിച്ചുകൊണ്ടിരിക്കുന്ന ഈ ക്രൂരമായ നടപടി. സ്വാതന്ത്ര്യം ഉണ്ടെന്ന് പറഞ്ഞ് ഗവൺമെന്റിനുപോലും നിയന്ത്രണമില്ലാത്ത രീതിയിൽ സൗകര്യംപോലെ അഴിഞ്ഞാടാൻ യൂണിവേഴ്സിറ്റിയെ അനുവദിക്കുന്നത് ശരിയാണോ സർ? ഉന്നത വിദ്യാഭ്യാസരംഗത്തെപ്പറ്റി ഗവൺമെന്റിന് ഒരു കാഴ്ചപ്പാടില്ലേ? ഈ കച്ചവടത്തിന് ഗവൺമെന്റ് കൂട്ടുനില്കുകയാണോ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അതേക്കുറിച്ച് വ്യക്തമാക്കണം. ഈ വിദ്യാർത്ഥികളുടെ ഭാവി എന്താകും? 1998 മുതൽ ഡിഗ്രി എടുത്ത വിദ്യാർത്ഥികളുടെ ഡിഗ്രിക്ക് കടലാസിന്റെ വില പോലും കൽപ്പിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്നത് 2100 വിദ്യാർത്ഥികളാണ്. ഏപ്രിൽ മാസത്തിൽ എൻ.സി.ടി.ഇ.-യുടെ ഇൻസ്പെക്ഷൻ വിംഗ് വന്നു പരിശോധിച്ചുകഴിഞ്ഞാൽ ഒൻപതു സെന്ററും പൂട്ടാൻ പറയും, അതുപോലെതന്നെ കേരളാ യൂണിവേഴ്സിറ്റിയുടേയും, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടേയും സെന്ററുകൾ തുറക്കാൻ കഴിയുന്നില്ല, ഈ നിലയ്ക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സ്വാഭാവികമായി യൂണിവേഴ്സിറ്റികളെ കുറ്റം പറഞ്ഞേക്കാം. ആ കുറ്റം അംഗീകരിച്ചേക്കാം പക്ഷെ എങ്ങനെ ഇവരെ നിയന്ത്രിക്കും? ഞാൻ പറയുന്നു ഇതിൽ വ്യാപകമായ അഴിമതിയാണ് നടക്കുന്നതെന്ന്. ഈ വിദ്യാർത്ഥിവർഗ്ഗത്തോട് കാണിക്കുന്ന, പ്രൊഫഷണൽ ഡിഗ്രി എടുക്കാൻ ആഗ്രഹിക്കുന്ന യുവാക്കളോട് കാണിക്കുന്ന ക്രൂരതയാണ് ഇത്. അതുകൊണ്ട് നിയമസഭാ കമ്മിറ്റിയെക്കൊണ്ട് ഇതൊന്ന് അന്വേഷിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഇല്ലെങ്കിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഇല്ലേ, ഉന്നതരായ ഐ.എ.എസ്. ഉദ്യോഗസ്ഥരെ വച്ച് ഇത് പരിശോധിച്ച് നടപടി സ്വീകരിക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, കേരള സ്വാശ്രയ മേഖലയിൽ ബി.എഡ്. കോളേജ് നടത്തിക്കുന്ന മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ച ഹർജിയിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഈ ബി.എഡ്. കോളേജ് തൽക്കാലം നിർത്തിവയ്ക്കാൻ ഉത്തരവിട്ടത്. സ്വാശ്രയകോളേജുകൾ ഈടാക്കുന്നതിനേക്കാൾ താരതമ്യേന വളരെ കുറച്ച് തുക മാത്രമേ സർവ്വകലാശാലാ സെന്ററുകൾ ഈടാക്കുന്നുള്ളൂ. നിലവിലുള്ള സംവരണതത്വങ്ങളും സർവ്വകലാശാലകൾ പാലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം ബി.എഡ്. കേന്ദ്രങ്ങൾ നിലനിൽക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ സർവ്വകലാശാലകൾ മറ്റു കേന്ദ്രങ്ങൾക്ക് മാതൃകയാകണം, പഠനകേന്ദ്രങ്ങളിൽ ആവശ്യമായ ഭൗതികസൗകര്യങ്ങൾ ലഭ്യമാക്കണം. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തണം. യോഗ്യതയുള്ള അദ്ധ്യാപകൻമാരെ നിശ്ചയിക്കണം. ഈ വക കാര്യങ്ങൾ എം.ജി. യൂണിവേഴ്സിറ്റി കൃത്യമായി പാലിച്ചിട്ടുണ്ടോ എന്നാണ് സംശയം. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡയറക്ഷൻ കൊടുക്കുകയാണ് ചെയ്തത്. 2100 കുട്ടികളാണ് 12 കേന്ദ്രങ്ങളിലായി പഠിക്കുന്നത്. ഫീസിനത്തിൽ പ്രതിവർഷം 4 കോടി 20 ലക്ഷം രൂപയാണ് ലഭിക്കുന്നത്. സെന്ററുകളെ ശക്തിപ്പെടുത്താൻ ഈ പണം ഉപയോഗിക്കണം. ഇതിൽ വീഴ്ചവരുത്തിയതുകൊണ്ടാണ് എൻ.സി.ടി.ഇ. അംഗീകാരം പിൻവലിച്ചത്. 2004-2005 അദ്ധ്യയന വർഷത്തേക്ക് എൻ.സി.ടി.ഇ.-യുടെ നിബന്ധനകൾ പാലിക്കാതെ അഡ്മിഷൻ നടത്തുന്നത് വിലക്കിയിരിക്കുകയാണ്. കൂടാതെ 2004-ൽ തുടങ്ങിയ അദ്ധ്യയന വർഷത്തിലേയ്ക്ക് ക്ലാസ്സുകൾ നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവും ഉണ്ടായിരുന്നു. എന്നാൽ 2003-2004 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം ബഹുമാനപ്പെട്ട ഹൈക്കോടതിയോ എൻ.സി.ടി.ഇ.-യോ തടഞ്ഞിട്ടില്ല എന്നതുകൊണ്ടും മുൻവർഷത്തേക്കുള്ള പ്രവേശന വിജ്ഞാപനം സർവ്വകലാശാല 2003 മേയ് മാസത്തിൽ അതായത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2003 ജൂലൈ മാസത്തെ ഉത്തരവ് ലഭിക്കുന്നതിനു മുമ്പ്, നടത്തിയിരിക്കുന്നതുകൊണ്ടും സർവ്വകലാശാലയ്ക്ക് ലഭിച്ച നിയമോപദേശപ്രകാരം 2003-2004 വർഷം അഡ്മിഷൻ നടത്തി ക്ലാസ്സുകൾ തുടങ്ങുകയായിരുന്നു. പക്ഷേ ഇക്കാര്യത്തിലുള്ള സർവ്വകലാശാലയുടെ വാദഗതികൾ കോടതി അംഗീകരിച്ചില്ല. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശം വന്നതിനുശേഷം സിൻഡിക്കേറ്റ് യോഗം കൂടി, രണ്ടംഗ ഉപസമിതിയെ വച്ച് വെരിഫൈ ചെയ്യാൻ തീരുമാനിച്ചു. തുടർന്ന് 55 ലക്ഷം രൂപ സെന്ററുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സർവ്വകലാശാലയ്ക്ക് അനുവദിച്ചു. യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടിയും സ്വീകരിച്ചു. ഈ ഉറപ്പിൻമേൽ ക്ലാസ്സുകൾ പുനഃരാരംഭിക്കാൻ എൻ.സി.ടി.ഇ. അനുവാദം നൽകി. തുടർന്ന് സർവ്വകലാശാലയ്ക്ക് എതിരായി ഉണ്ടായിരുന്ന കോടതിയലക്ഷ്യം 3-2-2004-ൽ കോടതി തള്ളി. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി നാലാം തീയതിമുതൽ ക്ലാസ്സുകൾ പുനഃരാരംഭിച്ചു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം വളരെ ഗൗരവമേറിയതാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയും കേരളാ യൂണിവേഴ്സിറ്റിയും ഇപ്പോൾ നടപ്പാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

എം.ജി. യൂണിവേഴ്സിറ്റി കണ്ടമാനം പണം സ്വരൂപിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ എൻ.സി.ടി.ഇ. തടഞ്ഞതാണ്. അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആ വക പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് വളരെ കാര്യമായി ആലോചിക്കും. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, പ്രിൻസിപ്പാളിന് കാളിഫൈഡ് ആണെങ്കിൽ പന്ത്രണ്ടായിരം രൂപയും, ലക്ചറർമാർക്ക് എണ്ണായിരം രൂപയും ശമ്പളം കൊടുക്കണമെന്ന് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും ആ ഉത്തരവുപോലും കാറ്റിൽ പറത്തിക്കൊണ്ട് ശമ്പളം കൊടുക്കാതെ—എൻ.സി.ടി.ഇ.-യുടെ നിർദ്ദേശവുമുണ്ട് ഈ അദ്ധ്യാപകരെ പെർമനന്റ് ആക്കണമെന്ന്—അതും നോക്കാതെ എം.ജി. യൂണിവേഴ്സിറ്റി സ്വീകരിക്കുന്ന നടപടിക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതുപോലെ ഇത് അന്വേഷിക്കാൻ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ ഈ ഗവൺമെന്റ് നിയമിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: യൂണിവേഴ്സിറ്റിക്കെതിരായി ഗവൺമെന്റിന് ശിക്ഷണ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല. ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാം. ഹയർ എഡ്യൂക്കേഷന്റെ സെക്രട്ടറിയെ അധികാരപ്പെടുത്തുന്നതു സംബന്ധിച്ച് യൂണിവേഴ്സിറ്റിയുമായി കൂടിയാലോചിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടിയെടുക്കാൻ പറ്റൂ.

(2) ഗൾഫ് രാജ്യങ്ങളിലേക്ക് ബജറ്റ് എയർലൈൻസും കപ്പൽ സർവ്വീസുകളും ഏർപ്പെടുത്തുന്നതിനും ഈ രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിക്കുന്നതിനും നടപടി

ശ്രീ. എം. മുരളി: സർ, നമ്മുടെ സമ്പദ്ഘടനയുടെ താങ്ങും തണലുമായ വിദേശ മലയാളികളിൽ 16 ലക്ഷംപേർ ഗൾഫ് രാജ്യങ്ങളിലാണ് ജോലിചെയ്യുന്നത്. ഇതിൽ ഏഴര ലക്ഷം പേരാണ് ശരാശരി ഒരുവർഷം കേരളത്തിൽ മൂന്ന് എയർപോർട്ടുകളിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും, തിരിച്ചും യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്. എയർ ഇൻഡ്യയും, ഇൻഡ്യൻ എയർലൈൻസും മറ്റു വിമാന കമ്പനികളും അമിതമായ യാത്രാക്കൂലിയാണ് കേരളാ ഗൾഫ് സെക്ടറിൽ നിന്നും ഈടാക്കുന്നത് എന്നുള്ളത് ഒരു പുതിയ പരാതിയല്ല, ഇത് വർഷങ്ങളായിട്ട് ഉയർന്നുവന്ന പരാതിയാണ്. ഉൽസവകാലത്തും, വെക്കേഷൻ കാലത്തും ഈ വിമാനയാത്രാക്കൂലി ക്രമാതീതമായിട്ടാണ് എയർ ഇൻഡ്യയും, ഇൻഡ്യൻ എയർലൈൻസും മറ്റു കമ്പനികളും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഗൾഫ് മലയാളികളിൽ വളരെ കുറച്ചുപേർ മാത്രമാണ് സ്വർഗ്ഗജാതർ. ബഹുഭൂരിപക്ഷം ആളുകളും സാധാരണക്കാരും പാവപ്പെട്ടവരുമാണ്. ഭൂരിപക്ഷം വരുന്ന ഗൾഫ്

LIBRARY ARCHIVES Kerala Legislative Assembly